بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്‌ബ സംഗ്രഹം 29.09.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## തിരുനബി ചരിത്രം: ബദ്ർ യുദ്ധാനന്തര സംഭവങ്ങൾ

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِیۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ
نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡهِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡهِمۡ وَلَا الضَّآلِّیۡنَ ○

ബദ്ർ യുദ്ധത്തിനുശേഷമുള്ള സംഭവങ്ങളാണ് വിവരിച്ചുകൊണ്ടിരിക്കുന്നത്. ഈ സംഭവങ്ങളിൽ നിന്ന് നമുക്ക് നബി(സ)യുടെ ചരിത്രവും ജീവിതവും മനസ്സിലാകുന്നതോടൊപ്പം ചില ചരിത്രപരമായ യാഥാർഥ്യങ്ങളെക്കുറിച്ച് അറിവ് ലഭിക്കുന്നതും ചില തെറ്റായ നിവേദനങ്ങളെ തിരിച്ചറിയാൻ കഴിയുന്നതുമാണ്. അത് ഇസ്‌ലാമിന്റെ തെറ്റായ ഒരു മുഖമാണ് അന്യർക്ക് മുന്നിൽ സമർപ്പിച്ചത്. ഇസ്‌ലാമിന്റെ ശത്രുക്കൾ അതു മുഖേന ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കാനും തീവ്രവാദികളായ മുസ്‌ലിംകൾ തങ്ങളുടെ ലക്ഷ്യം സാധൂകരിക്കുന്നതിനുവേണ്ടിയും അതിനെ ഉപയോഗപ്പെടുത്തുന്നു.

ഇന്ന് ഞാൻ വിവരിക്കുന്ന സംഭവങ്ങളിൽ ആദ്യത്തേത് ഉമൈർ ബിൻ വഹബിന്റെ സംഭവമാണ്. ഇദ്ദേഹം ബദ്ർ യുദ്ധത്തിനുശേഷം തന്റെയും മുശ്‌രിക്കീങ്ങളുടെയും പരാജയത്തിനു പകരംചോദിച്ച്കൊണ്ട് നബി(സ)നെ വധിക്കുന്നതിനുവേണ്ടി മക്കയിൽനിന്ന് മദീനയിൽ വന്നതായിരുന്നു. എന്നാൽ അവിടെ അല്ലാഹുവിന്റെ വിധി മറ്റൊരു വിധത്തിലാണ് പ്രവർത്തിച്ചത്. അദ്ദേഹത്തിന് ഇസ്‌ലാം സ്വീകരിക്കാൻ സൗഭാഗ്യം ലഭിച്ചു. ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: ബദ്റിലെ ബന്ദികളിൽ വഹബ് ബിൻ ഉമൈറും ഉണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ പിതാവ് ഉമൈർ ബിൻ വഹബ് ഖുറൈശി മൂപ്പന്മാരിൽപ്പെട്ട ആളായിരുന്നു. (മുസ്‌ലിം ആകുന്നതിന് മുൻപ് ഉമൈറും സഫ്‌വാൻ ബിൻ ഉമയ്യയും ഒരു ദിവസം മക്കയിൽ കഅ്ബയുടെ അങ്കണത്തിൽ ഇരുന്നു ബദ്ർ യുദ്ധത്തിലെ പരാജയത്തെ കുറിച്ചും കൊല്ലപ്പെട്ട ഖുറൈശി നേതാക്കന്മാരെ കുറിച്ചും സംസാരിക്കുകയായിരുന്നു. ഉമൈർ പറഞ്ഞു: എനിക്കുമേൽ ഒരാളുടെ കടബാധ്യത ഇല്ലായിരുന്നുവെങ്കിൽ എനിക്കുശേഷം ഭാര്യാമക്കളെ കുറിച്ച് ആശങ്കയും ഇല്ലായിരുന്നുവെങ്കിൽ ഞാൻ മുഹമ്മദ്(സ)നെ വധിക്കുമായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം അങ്ങോട്ട് പോകുന്നതിന് ഒരു കാരണവും ഉണ്ട്; എന്റെ മകൻ അവരുടെ അടുക്കൽ ബന്ദിയാണ്. ഇത് കേട്ട ഉടനെ സഫ്‌വാൻ, ഉമൈറിന്റെ രണ്ടു ബാധ്യതകളും ഏറ്റെടുത്തുകൊണ്ട് പറഞ്ഞു: നിങ്ങൾ പോയി മുഹമ്മദിനെ കൊലപ്പെടുത്തുക. ഉമൈർ (പോകാൻ തയ്യാറായിക്കൊണ്ട്) പറഞ്ഞു: എനിക്കും നിങ്ങൾക്കും ഇടയിലുള്ള ഈ കാര്യം രഹസ്യമായി തന്നെ വെക്കുക. സഫ്‌വാൻ വാഗ്ദാനവും ചെയ്തു. പിന്നെ ഉമൈർ തന്റെ വാളിനു മൂർച്ച കൂട്ടുകയും വിഷത്തിൽ മുക്കുകയും ചെയ്തു. തുടർന്ന് മക്കയിൽ നിന്ന് പുറപ്പെട്ട് മദീനയിലെത്തി. അങ്ങനെ ഉമൈർ മസ്ജിദ് നബവിയുടെ വാതിൽക്കൽ തന്റെ ഒട്ടകത്തെ കെട്ടിയപ്പോൾ തന്നെ ഹദ്റത് ഉമർ പറഞ്ഞു: അല്ലാഹുവിന്റെ ശത്രു ഉമൈർ ബിൻ വഹബ് തീർച്ചയായും എന്തെങ്കിലും ദുഷ്ചിന്തയുമായിട്ടാണ് ഇവിടെ വന്നിട്ടുള്ളത്. പിന്നെ ഹദ്റത് ഉമർ ഉടൻ തന്നെ നബി(സ)യുടെ വീട്ടിലേക്കെത്തി; എന്നിട്ട് പറഞ്ഞു: യാ റസൂലല്ലാഹ്, അല്ലാഹുവിന്റെ ശത്രു ഉമൈർ ബിൻ വഹബ് ഊരിപ്പിടിച്ച വാളുമായി വന്നിരിക്കുന്നു. നബി(സ) പറഞ്ഞു: അയാളെ എന്റെ അടുക്കൽ കൊണ്ടുവരൂ. ഹദ്റത് ഉമർ ഉമൈറിനെ കൊണ്ടുവന്നു. ഉമൈർ തന്റെ ജാഹിലിയ്യാ സമ്പ്രദായമനുസരിച്ച് അഭിവാദ്യം ചെയ്തു. അപ്പോൾ നബി(സ) പറഞ്ഞു: ഉമൈർ, ഞങ്ങൾക്ക് നിങ്ങളുടെ ഈ സലാമിനെക്കാളും നല്ല സലാം ഇസ്‌ലാം പഠിപ്പിച്ചിട്ടുണ്ട്. ഉമൈർ പറഞ്ഞു: ഞാൻ ഇവിടെ നിങ്ങളുടെ ആളുകൾ തടങ്കലിൽ വെച്ചിരിക്കുന്ന എന്റെ മകനെ കുറിച്ച് സംസാരിക്കാനാണ് വന്നിട്ടുള്ളത്. പിന്നെ നബി(സ) ചോദിച്ചു: ഈ വാൾ എന്തിനാണ്? ഉമൈർ പറഞ്ഞു: തീർച്ചയായും താങ്കളുടെ അടുക്കൽ ബന്ദിയാക്കപ്പെട്ട വ്യക്തിയെക്കുറിച്ച് സംസാരിക്കാൻ ആണ് ഞാൻ വന്നിട്ടുള്ളത്.

തിരുനബി(സ) പറഞ്ഞു: അല്ല. മറിച്ച് ഒരു ദിവസം നിങ്ങളും സഫ്‌വാൻ ബിൻ ഉമയ്യയും കഅ്ബയുടെ അങ്കണത്തിലിരുന്ന് ബദ്ർ യുദ്ധത്തിൽ കൊല്ലപ്പെട്ട ഖുറൈശികളെ കുറിച്ച് സംസാരിച്ചിട്ടുണ്ടായിരുന്നില്ലേ? തുടർന്ന് നബി(സ) അന്നു നടന്ന എല്ലാ കാര്യങ്ങളും പറഞ്ഞു. ഇത് കേട്ട് അയാൾ അത്ഭുതപ്പെട്ടുകൊണ്ട് ഉടൻ തന്നെ ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി. (എന്നിട്ട് പറഞ്ഞു:) അന്ന് കഅ്ബയുടെ അങ്കണത്തിൽ ഞാനും സഫ്‌വാനും അല്ലാതെ മൂന്നാമത് ഒരാൾ ഉണ്ടായിരുന്നില്ല. അതുകൊണ്ട് അല്ലാഹുവല്ലാതെ മറ്റാരും താങ്കൾക്ക് ഇതേ കുറിച്ച് അറിയിപ്പ് നൽകാൻ സാധ്യമല്ല. പിന്നെ ഹദ്റത്ത് ഉമൈർ, നബി(സ)യോട് പറഞ്ഞു. അങ്ങ് എനിക്ക് മക്കയിലേക്ക് പോകാൻ അനുവാദം തന്നാലും. ഞാൻ മക്കക്കാരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ ആഗ്രഹിക്കുന്നു. നബി(സ) അദ്ദേഹത്തിന് മക്കയിലേക്ക് പോകാൻ അനുമതി നൽകി.

മറുഭാഗത്ത് സഫ്‌വാൻ ജനങ്ങളോട് പറഞ്ഞുകൊണ്ടിരുന്നത്, നിങ്ങൾ ബദ്റിലുണ്ടായ വിപത്തിനെയും പ്രയാസങ്ങളെയും മറന്നു പോകുന്ന തരത്തിൽ ഉടനെ ഉണ്ടാകാൻ ഇടയുള്ള ഒരു സംഭവത്തെക്കുറിച്ച് ഞാൻ നിങ്ങൾക്ക് സുവാർത്ത നൽകുകയാണ്. സഫ്‌വാൻ വരുന്നവരോടെല്ലാം ഉമൈറിന്റെ കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുമായിരുന്നു. അങ്ങനെ ഒടുവിൽ ഒരാൾ മക്കയിലെത്തി സഫ്‌വാനോടു പറഞ്ഞു: ഉമൈർ ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നു. മുസ്‌ലിമായ ഉമൈർ മക്കയിലെത്തി നേരെ തന്റെ വീട്ടിലെത്തി വീട്ടുകാരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. പിന്നെ ഉമൈർ, സഫ്‌വാൻ ബിൻ ഉമയ്യയുടെ അടുക്കലെത്തി. അയാളെ വിളിച്ച് ഇസ്‌ലാമിന്റെ സത്യതയെക്കുറിച്ച് പറഞ്ഞു. എന്നാൽ സഫ്‌വാൻ, ഉമൈർ പറഞ്ഞതിന് മറുപടി കൊടുക്കുകയോ അദ്ദേഹത്തെ ശ്രദ്ധിക്കുകയോ ചെയ്തില്ല.

ബദ്റിനുശേഷം മുസ്‌ലിംകളായ ചിലരിൽ മുനാഫിഖത്തും ഉണ്ടായിരുന്നു. അബ്ദുല്ലാഹ് ബിൻ ഉബയ്യ് ഇബ്നു സുലൂലും അക്കൂട്ടത്തിൽപെട്ട ആളായിരുന്നു. ജാഹിലിയ്യാ കാലഘട്ടത്തിൽ ഔസ്, ഖദ്റജ് ഗോത്രങ്ങളുടെ ഭരണ കർതൃത്വം ഏറ്റെടുക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. നബി(സ)ന്റെ ആഗമനത്തോടു കൂടി തന്റെ സ്ഥാനം നഷ്ടപ്പെടുമെന്നതിനാൽ വളരെ ഗൂഢമായി ഇസ്‌ലാമിനെതിരിൽ പദ്ധതികൾ ആവിഷ്കരിക്കാൻ തുടങ്ങി.

നബി(സ) ബദ്ർ യുദ്ധത്തിൽനിന്ന് തിരിച്ച് വരുമ്പോൾ ബനൂസുലൈമിലെയും ബനൂ ഗത്ഫാനിലെയും ആളുകൾ മദീനയെ ആക്രമിക്കാൻ പദ്ധതി ആവിഷ്കരിക്കുന്നു എന്ന് അറിയിപ്പ് ലഭിച്ചു. നബി(സ)നു യുദ്ധനീക്കങ്ങളെ കുറിച്ച് അറിയിപ്പ് ലഭിച്ചപ്പോൾ ബനൂ സുലൈമിനെയും ബനൂ ഗത്ഫാനെയും നേരിടാൻ ഉടൻ തന്നെ പുറപ്പെട്ടു, അങ്ങനെ നബി(സ) 300 സഹാബാക്കൾ അടങ്ങുന്ന സൈന്യവുമായി പുറപ്പെട്ടു. ബനൂസുലൈമിനും ബനൂഗത്ഫാനും 300 പേരടങ്ങുന്ന ഇസ്‌ലാമിക സൈന്യം വരുന്നുണ്ടെന്ന് അറിവ് ലഭിച്ചപ്പോൾ, അവർ ഭയപ്പെട്ടുകൊണ്ട് അവിടെ നിന്നും പർവത ശിഖരങ്ങളിലേക്ക് ഓടിപ്പോയി. നബി(സ) അവിടെ കുറച്ചു ദിവസം തങ്ങി. അത്രയും സമയം ഒരാൾക്കും തന്നെ നബി(സ)യെ നേരിടാൻ ധൈര്യമുണ്ടായില്ല.

ഒരു നിവേദനത്തിൽ പറയുന്നു: നബി(സ)നു സമരാർജിത സ്വത്തായി 500 ഒട്ടകങ്ങളെ ലഭിച്ചിരുന്നു. ശത്രുക്കൾ യുദ്ധത്തിനുള്ള ഉദ്ദേശ്യവുമായിട്ടാണ് വന്നിരുന്നത്. അതുകൊണ്ട് അക്കാലത്തെ സമ്പ്രദായമനുസരിച്ച് അവരുടെ സമ്പത്ത് മുസ്‌ലിംകൾ ഏറ്റെടുത്തു. നബി(സ) ഈ യുദ്ധനീക്കവുമായി ബന്ധപ്പെട്ട് 15 ദിവസം മദീനക്ക് പുറത്ത് കഴിയുകയുണ്ടായി.

ഹിജ്റത്തിനുശേഷം ഹിജ്റ രണ്ടാം വർഷം ശവ്വാലിലായിരുന്നു മുസ്‌ലിംകളുടെ ആദ്യത്തെ ഈദുൽ ഫിത്ർ നബി(സ) ആഘോഷിച്ചത്. തിരുനബി രണ്ട് പെരുന്നാളിനെക്കുറിച്ചും സ്വഹാബത്തിനോട് പറഞ്ഞു: ആ ദിവസങ്ങളിൽ ആരും നോമ്പെടുക്കരുത്; മറിച്ച് ഭക്ഷണം കഴിക്കുകയും ആഘോഷിക്കുകയും വേണം. ഈ രണ്ട് ഈദിന്റേയും ദിവസങ്ങളിൽ നബി(സ) മദീനയുടെ കിഴക്ക് ഭാഗത്ത് ഉണ്ടായിരുന്ന ഈദ് ഗാഹിൽ പോയിരുന്നു.

മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: ഇസ്‌ലാമിലെ ഈദുകൾ ഒരു പ്രത്യേക ഐശ്വര്യമുള്ളവയാകുന്നു. അത് ഇസ്‌ലാമിന്റെ യാഥാർഥ്യത്തിലേക്കും വെളിച്ചം വീശുന്നുണ്ട്. മാത്രമല്ല ഇസ്‌ലാം ഏതുവിധത്തിലാണ് മുസ്‌ലിംകളുടെ എല്ലാ കർമങ്ങളേയും ദൈവസ്മരണയുമായി ബന്ധിപ്പിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കാനും അവസരം ലഭിക്കുന്നു.

ബദ്ർ യുദ്ധത്തിനുശേഷവും ഉഹദ് യുദ്ധത്തിനു മുമ്പുമുള്ള കാലയളവിൽ രണ്ട് സംശയാസ്പദമായ സംഭവങ്ങളെ സംബന്ധിച്ചു പരാമർശം കാണപ്പെടുന്നുണ്ട്. ഈ സംഭവങ്ങളെപ്പറ്റി അവലോകനം നടത്തുകയാണെങ്കിൽ അത് കെട്ടിച്ചമച്ചതാണെന്ന് വളരെ വ്യക്തമായും മനസ്സിലാകുന്നതാണ്.

ആദ്യത്തെ സംഭവം അസ്മാ ബിൻത്ത് മർവാ എന്ന യഹൂദ സ്ത്രീയുടെ വധത്തെ പറ്റിയാണ്.

ആ സ്ത്രീ കൊല്ലപ്പെട്ടുവെന്ന് പറയപ്പെടുന്നതിന്റെ വിശദീകരണത്തിൽ എഴുതുന്നു, ഹദ്റത്ത് ഉമൈർ ബിൻ അദിയ്യ് ഒരു അന്ധനായ സ്വഹാബിയായിരുന്നു. ഹിജ്റ രണ്ടാം വർഷം റമദാൻ അവസാനത്തിൽ നബി(സ) ഹദ്റത്ത് ഉമൈർ ബിൻ അദിയ്യ്നെ യഹൂദി സ്ത്രീയായ അസ്മാ ബിൻത്ത് മർവാന്റെ അടുക്കലേക്ക് പറഞ്ഞയച്ചു. അസ്മാ ബിൻത്ത് മർവാനെ വധിക്കുന്നതിന് കാരണമായി പറയുന്നത്, ഈ സ്ത്രീ ഇസ്‌ലാമിനെ തെറി പറയുകയും തിരുനബി(സ)ന്നെതിരിൽ ജനങ്ങളെ ഇളക്കിവിടുകയും കവിതകൾ ചൊല്ലുകയും ചെയ്തിരുന്നു. ഹദ്റത്ത് ഉമൈർ രാത്രിയുടെ അന്ധകാരത്തിൽ അവളുടെ വീട്ടിൽ പ്രവേശിച്ചു. അവളുടെ മക്കൾ അവൾക്ക് ചുറ്റിലും ഉറങ്ങുന്നുണ്ടായിരുന്നു. ഒരു കുട്ടിക്ക് അവൾ മുലയൂട്ടുകയായിരുന്നു. തന്റെ വാൾ അവളുടെ നെഞ്ചിൽ വെച്ചുകൊണ്ട് ശക്തമായി അമർത്തി; അവളെ വധിക്കുകയുണ്ടായി. ശേഷം ഉമൈർ മദീനയിൽ എത്തി നബി(സ)നു പിന്നിൽ സുബ്ഹി നമസ്കരിച്ചു. നബി(സ) ചോദിച്ചപ്പോൾ മർവാന്റെ മകളെ വധിച്ചു എന്ന് അദ്ദേഹം മറുപടിയായി പറഞ്ഞു.

മറ്റൊരു നിവേദനത്തിൽ വരുന്നത്, ഉമൈർ, അസ്മാ ബിൻത്ത് മർവാനെ വധിച്ചപ്പോൾ നബി(സ) പറഞ്ഞു: അല്ലാഹുവിനേയും റസൂലിനേയും സഹായിച്ച ആളെ കാണണമെന്നുള്ളവർ ഉമൈർ ബിൻ അദിയ്യിനെ കണ്ടുകൊള്ളട്ടെ. ഇസ്തീആബ് എന്ന ഗ്രന്ഥത്തിൽ ഉമൈറിന്റെ ചരിത്രത്തിൽ അദ്ദേഹം തന്റെ സഹോദരിയെ, അവൾ തിരുനബി(സ)നെ തെറി പറഞ്ഞിരുന്നതിനാൽ വധിച്ചിരുന്നുവെന്ന് എഴുതിയിട്ടുണ്ട്.

ഈ കഥകളൊക്കെയാണ് വിവരിച്ചിട്ടുള്ളത്. ചില ജീവചരിത്ര ഗ്രന്ഥങ്ങളിൽ ഈ സംഭവത്തെ പറ്റി കാണുന്നുണ്ട്. എന്നാൽ സിഹാഹു സിത്തയിലോ മറ്റേതെങ്കിലും ആധികാരിക ഹദീസുകളിലോ ഇതേപ്പറ്റി പരാമർശം പോലുമില്ല. വാസ്തവത്തിൽ പിന്നീട് വന്ന ആളുകൾ ഇത്തരം കാൽപ്പനിക, കെട്ടുകഥകളെ തങ്ങളുടെ ഗ്രന്ഥങ്ങളിൽ ചേർക്കുകയും നബിനിന്ദക്കുള്ള ശിക്ഷയെന്ന നിലക്ക് തെളിവായി ഇവയെ ഉദ്ധരിക്കുകയും ചെയ്യുന്നു. ഇതു തന്നെയാണ് ഇക്കാലത്തെ മുല്ലാക്കൾ നബി നിന്ദ ചെയ്യുന്നവരെ വധിക്കുന്നതിന് തെളിവ് നൽകുന്നത്. വാസ്തവത്തിൽ നബി നിന്ദക്ക് ഇത്തരത്തിലുള്ള യാതൊരു ശിക്ഷയും ഇസ്‌ലാമിക ശരീഅത്തിൽ ഇല്ല. മാത്രമല്ല ഇത്തരം സംഭവങ്ങൾക്കും യാതൊരു അടിസ്ഥാനവുമില്ല. ഉദാഹരണമായി നമ്മൾ ഈ സംഭത്തെ വിശകലനം ചെയ്യുകയാണെങ്കിൽ ഈ നിവേദനം പ്രാമാണികമായി ദുർബലമാണെന്ന് കാണാൻ കഴിയും. മറിച്ച് ഈ ഹദീസ് കെട്ടിച്ചമച്ചതാണെന്ന് പറയുന്നു. ഇതിന്റെ ഒരു നിവേദകൻ മുഹമ്മദ് ബിൻ ഉമർ വാഖദി കള്ളം പറയുന്ന ആളാകുന്നു. ഇനി നിവേദനത്തിന്റെ അടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ നിരവധി ചോദ്യങ്ങൾ ഉയരുന്നു. ഉദാഹരണത്തിന് അന്ധനായിരുന്ന സ്വഹാബി പിന്നെങ്ങനെയാണ് തനിയെ ആ സ്ത്രീയുടെ വീട്ടിലേക്കെത്തിയത്? രാത്രി സമയത്ത് എങ്ങനെ തനിയെ അവിടെ എത്തി ആ സ്ത്രീയെ കണ്ടെത്തി? അത് ഓരോരുത്തരെയായി തട്ടിനോക്കി മനസ്സിലാക്കിയത് ആണെങ്കിൽ വേറെ ആരും ഉണർന്നില്ലേ? തട്ടിനോക്കിയപ്പോൾ ആ സ്ത്രീ കുട്ടിക്ക് മുലകുടിപ്പിക്കുകയാണെന്നു അറിഞ്ഞുപോലും! പിന്നെ ആ സ്ത്രീ തന്റെ മരണം മുന്നിൽ കണ്ടിട്ടുപോലും ആ അന്ധനായ വ്യക്തിയിൽ നിന്ന് തന്നെ രക്ഷിക്കാനും എതിർക്കാനും ശ്രമിച്ചില്ലത്രെ! സ്ത്രീക്ക് കാഴ്ചയുണ്ടായിട്ടും ബഹളം കൂട്ടുകയോ എതിർക്കുകയോ ചെയ്തില്ലപോലും! അവിടെ ഉറങ്ങുന്നുണ്ടായിരുന്ന അവളുടെ ഭർത്താവും ഒന്നും അറിഞ്ഞില്ല! മറ്റൊരു പ്രകടമായ സംഗതി, അന്ധനായ വ്യക്തി പൊതുവിൽ ശബ്ദത്തിലൂടെയാണ് തിരിച്ചറിയുക. പക്ഷെ അന്ധനായ ആ സ്വഹാബിക്ക് യാതൊരു ശബ്ദവും കേൾക്കാതെ ആ സ്ത്രീ തന്നെയാണ് അസ്മാ ബിൻത്ത് മർവാൻ എന്ന് എങ്ങനെയാണ് തിരിച്ചറിഞ്ഞത്? രണ്ടാമത്തെ നിവേദനം നോക്കുക, ആ സ്ത്രീ ഈന്തപ്പഴം എടുക്കാൻ അകത്തേക്ക് പോയപ്പോൾ (ആ അന്ധനായ) സ്വഹാബി ചുറ്റുപാടും നോക്കി അവളെ തലക്കടച്ചു വധിക്കുകയുണ്ടായി.

ഇതു കൂടാതെ സ്ത്രീയുടെ പേര്, ഘാതകന്റെ പേര്, വധിച്ച സമയം, രീതി എന്നിവയിൽ ഭിന്നത പ്രകടമാണ്. ഇത് കാൽപ്പനികവും കെട്ടിച്ചമച്ചതുമായ കഥയാണെന്നു ഇതിലൂടെയും തെളിയുന്നു.

(നബി(സ) ആണ് ഈ സ്ത്രീയെ വധിക്കാൻ സ്വഹാബിയെ പറഞ്ഞയച്ചതെങ്കിൽ സ്വഹാബി നബി(സ) നോട് ആ സ്ത്രെീയെ വധിച്ച കാരണത്താൽ താൻ പാപിയാകുമോ എന്ന് ചോദിക്കുന്നതിലെ യുക്തി എന്താണ്?)

(ഇങ്ങനെയൊരു സംഭവം ഉണ്ടായിരുന്നുവെങ്കിൽ മുസ്‌ലിംകൾ ഉടമ്പടി ലംഘിച്ചുവെന്നും മദീനയിൽ സമാധാന ഭംഗമുണ്ടാക്കാൻ ശ്രമിക്കുന്നുവെന്നും യഹൂദികൾ തീർച്ചയായും പറയുമായിരുന്നു.

അതുകൊണ്ടു തന്നെ ഇക്കാര്യങ്ങളെല്ലാം പ്രസ്തുത കഥയെ സംശയാസ്പദവും അടിസ്ഥാന രഹിതവുമാണെന്ന് വ്യക്തമാക്കുന്നു.) തീവ്രവാദികളായ മുല്ലാക്കൾ ഇത്തരം കാര്യങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഇസ്‌ലാമിന്റെ സുന്ദരമായ അദ്ധ്യാപനങ്ങൾക്ക് ദുഷ്പേരുണ്ടാക്കുകയാണ് ചെയ്യുന്നത്. ഇന്ന് ഇത്തരം കാൽപ്പനിക കഥകളുണ്ടാക്കി മൗലവിമാർ അഹ്മദികൾക്കെതിരിലും തീവ്രവാദം പ്രകടിപ്പിച്ചുകൊണ്ട് ജനങ്ങളെ ഇളക്കി വിടുകയാണ് ചെയ്യുന്നത്.

രണ്ടാമത്തെ സംഭവവും ഇതിനോട് താദാത്മ്യം ഉള്ളതു തന്നെയാണ്. ഇൻശാ അല്ലാഹ് അത് പിന്നീട് വിവരിക്കുന്നതാണ്.

اَلْحَمْدُ لِلّٰہِ نَحمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُوْمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوْا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرْ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 29.09.2023
Malayalam Translation: **Moulavi H Shamsuddin Kavassery** For Malayalam Desk, Qadian.
Typing: Moulavi P.M Waseem Ahmad Chelakkara, Layout: Moulavi T Jamshad Mukkam
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516